കൂട്ടുകാരേ,

നവംബർ ഒന്ന് കേരളപ്പിറവി ദിനമാണ ല്ലോ. നാം കേരളീയർ നമ്മുടെ മാതൃഭാഷ യുടെ പേരിൽ ഒരു സംസ്ഥാനമായതിന്റെ ഓർമ. വ്യത്യസ്ത മതവിശ്വാസികളും ആ ശയഗതിക്കാരും സ്നേഹത്തോടെ ജീവി ച്ചുവരുന്ന, പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗൃഹീതമായ കൊച്ചുകേരളം. മലയാ ളമെന്നത് ഈ പ്രദേശത്തെ സംസാരഭാഷ മാത്രമല്ല. നമ്മെ നാമാക്കി മാറ്റുന്ന ഒരു സംസ്കാരമാണത്.

മൺമറഞ്ഞു പോയ സാഹിത്യകാരൻ മാരും പരിഷ്കർത്താക്കളും വിപ്ലവകാരി കളും എല്ലാം നമുക്ക് നൽകിയ വെളിച്ചം കെട്ടുപോകാതെ സൂക്ഷിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഈ സന്ദേ ശങ്ങൾ ഓർമിപ്പിക്കുന്ന വിധത്തിൽ വൈ വിധ്യമാർന്ന പരിപാടികൾക്ക് കൂട്ടുകാർ വിദ്യാലയങ്ങളിൽ രൂപം നൽകണേ.

കോഡിനേറ്റർ

● മലർവാടി ബാലസംഘം

## ടീൻ ഇന്ത്യയുടെ ശിൽപശാലയിലേക്ക് അപേക്ഷിക്കാം

സാഹിത്യരചനയിൽ തൽപ്പരരായ ഹൈസ് കൂൾ വിദ്യാർത്ഥികൾക്കായി ടീൻ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ രചന ശിൽപശാല ന ടത്തുന്നു.നവംബർ 18, 19 (ശനി, ഞായർ) തിയ്യതികളിൽ തൃശൂർ ജില്ലയിലാണ് ശിൽപ ശാല നടക്കുന്നത്.കഥ, കവിത, ലേഖനം, ഗാന രചന, നാടകരചന ഷോർട്ട് ഫിലിംസ്ക്രിപ്റ്റ് തുടങ്ങി ഏതെങ്കിലും ഒരു സാഹിത്യരചനാ വിഭാഗത്തിലേക്ക് കുട്ടികൾക്ക് ഓൺലൈനായി ഇപ്പോൾ അപേക്ഷിക്കാം

പങ്കെടുക്കുന്ന കുട്ടികൾ മുമ്പ് രചിച്ച പ്ര സിദ്ധീകരിച്ചതോ അല്ലാത്തതോ ആയ സൃഷ്ടികൾ ക്യാമ്പിൽ കൊണ്ടുവരേണ്ടതാണ്.

താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

- 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളാണ് രജിസ്റ്റർ ചെയ്യേണ്ടത്.
- 600 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.
- ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 കുട്ടികൾക്കാണ് പ്രവേശനം. താഴെകൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പറിലേക്ക് രജിസ്ട്രേഷൻ ഫീസ് അടച്ച് കുട്ടിയുടെ പേര്, സ്കൂൾ, വിലാസം, ഫോൺ എന്നിവ 9605000752 എന്ന നമ്പറിലേക്ക് വാട്സാപ്പ് ചെയ്യേണ്ടതാണ്. ഒക്ടോബർ 25 നുമുമ്പ് രജിസ്റ്റർ ചെയ്യണം.

Account Name : jamaat e islami hind kerala
A/C No : 13890200007267
Bank : federal bank
Branch : SM Street
IFSC : FDRL0001389

## ഷോർട്ട് ഫിലിം ഫെസ്റ്റിവലിലേക്ക് ചിത്രങ്ങൾ ക്ഷണിക്കുന്നു

ബാല്യ കൗമാരത്തിന് കരുത്ത് പകരാൻ മലർവാടി ടീൻ ഇന്ത്യ ചിൽഡ്രൻസ് തീയറ്റർ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. കുട്ടികളിൽ മൂല്യബോധവും സംസ്ക്കാരവും ഉൾക്കൊള്ളാനാവുന്ന തരത്തിലായിരിക്കണം ചിത്രീകരണങ്ങൾ, 3 മിനുട്ടിൽ കവിയാത്ത ചിത്രങ്ങൾ ഉഢഉ ഫോർമാറ്റിൽ താഴെ കാണുന്ന വിലാസത്തിൽ എൻട്രികൾ നവംബർ 30ന് മുൻപായി അയയ്ക്കുക. തിരഞ്ഞെടുക്കുന്ന ഫിലിമുകൾ നവ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതോടൊപ്പം പാരിതോഷികങ്ങളും നൽകുന്നതാണ്.

### വിലാസം

മലർവാടി ചിൽഡ്രൻസ് തീയറ്റർ
PB.NO : 833
ഹിറ സെന്റർ കോഴിക്കോട്.4

### അന്വേഷണങ്ങൾ

അൻസാർ നെടുമ്പാശ്ശേരി
(ഫെസ്റ്റവൽ ഡയറക്ടർ )
9645006294.

▸▸ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം– കെ.എസ്.ആർ.ടി.സി

# സ്നേഹത്തോടെ മലർവാടിക്ക്...



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **റിസ്‌വി മുഹമ്മദ് എൻ.കെ** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

സെപ്റ്റംബർ ലക്കത്തിലെ മലർവാടി എനിക്ക് വളരെ ഇഷ്ടമായി. സെപ്റ്റംബറിൽ ഓണവും പെരുന്നാളും ഒന്നിച്ച് വന്നതിനാൽ സ്കൂൾ കുറേ ദിവസം ഒഴിവായിരുന്നല്ലോ. അതുകൊണ്ട് മലർവാടി വായിക്കാൻ കുറേ സമയം കിട്ടി. 'കുഞ്ഞു സ്വപ്നങ്ങളുടെ കൂട്ടുകാരി' എന്ന കഥ വളരെ ഇഷ്ടമായി.

ശിഹാബ്ക്കായോടുള്ള ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളും ഞാൻ എല്ലാ ലക്കത്തിലും വായിക്കാറുണ്ട്. ചോദ്യങ്ങൾക്ക് ചേരുന്ന നല്ല ഉത്തരങ്ങൾ. മലർവാടിയുടെ വലുപ്പം കൂടിയത് കൊണ്ട് ഇപ്പോൾ കുറേ വായിക്കാനുണ്ട്. ഇപ്പോൾ മലർവാടി മാസത്തിൽ രണ്ട് തവണയായതുകൊണ്ട് വല്ലാതെ കാത്തുനിൽക്കേണ്ട ആവശ്യവും ഇല്ല.

**റിസ്‌വി മുഹമ്മദ് എൻ.കെ, ക്ലാസ് 7**
**അൽ ഇസ്‌ലാഹ് ഇംഗ്ലീഷ് സ്കൂൾ, മുക്കം**

പ്രിയപ്പെട്ട മലർവാടീ,

സെപ്റ്റംബർ ഒന്നിലെ ഒരുമയുടെ സുദിനങ്ങൾ എനിക്കിഷ്ടപ്പെട്ടു. സൗഹൃദത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ആ ലേഖനത്തിലൂടെ. ആഘോഷങ്ങൾ നമ്മളെ ഒരുമിപ്പിക്കുന്നു. മനുഷ്യരെല്ലാം ഒന്നാണെന്നാണല്ലോ എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. പൂർണ്ണ മലാവതിനെ കുറിച്ചുള്ള വിവരണവും എനിക്കിഷ്ടപ്പെട്ടു. മലർവാടിയിലെ കഥകളും കവിതകളും എല്ലാം എനിക്കിഷ്ടമാണ്.

**അംന മൻസൂർ, ക്ലാസ് 7**
**ഭാരതീയ വിദ്യാ ഭവൻ, ചേവായൂർ**

പ്രിയപ്പെട്ട മലർവാടീ,

മലർവാടി ബാലസംഘത്തിലൂടെയാണ് ഞാൻ മലർവാടിയെ അറിഞ്ഞത്. മലർവാടി ബാലസംഘത്തിന്റെ കുറേ മൽസരങ്ങളിൽ ഞാൻ പങ്കെടുത്തു, സമ്മാനങ്ങളും കിട്ടി. ഇപ്പോൾ സ്ഥിരമായി മലർവാടി വായിക്കുന്നു. പൂച്ചപ്പോലീസ് ആണ് എനിക്ക് ഏറ്റവും ഇഷ്ടം.

**ആദിൽ അഹ്സൻ, ക്ലാസ് 8**
**വാദി റഹ്മ ഇംഗ്ലീഷ് സ്കൂൾ**
**കൊടിയത്തൂർ.**

സ്നേഹത്തോടെ മലർവാടിക്ക്,

സെപ്റ്റംബർ ലക്കം മലർവാടി ഗംഭീരം. 'കുഞ്ഞു സ്വപ്നങ്ങളുടെ കൂട്ടുകാരി' എന്ന കഥ എന്നെ വല്ലാതെ ആകർഷിച്ചു. പൂർണ്ണ മലാവതിനെപ്പറ്റി കൂടുതൽ അറിഞ്ഞു. 'വരക്കാൻ പഠിക്കാം' എന്ന പംക്തി ഞങ്ങൾക്ക് വരക്കാൻ ഇഷ്ടം തോന്നിപ്പിക്കുന്നു.

വളരെ ആകാംക്ഷയോടെയാണ് 'മാന്ത്രിക ക്കുരങ്ങന്' കാത്തിരിക്കുന്നത്. പട്ടാളം പൈലിയും പൂച്ചപ്പോലീസും എനിക്ക് വളരെ ഇഷ്ടപ്പെട്ട ചിത്രകഥകളാണ്. മനുഷ്യരെല്ലാം ഒന്നാണെന്ന സന്ദേശം ഞങ്ങളുമായി മലർവാടി പങ്കുവെച്ചു. എല്ലാ നൻമകളും ഞാൻ മലർവാടിക്ക് നേരുന്നു.

**ഫാത്തിമ സഹ്‌ല വി.എസ്**
**ക്ലാസ് 7**
**ഇസ്‌ലാമിക് യു.പി സ്കൂൾ, മന്നം**



**നിങ്ങളുടെ കത്തുകൾ**
മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

പേര്, ക്ലാസ്, സ്കൂൾ, വീട്ടുവിലാസം, ഫോൺനമ്പർ എന്നിവ എഴുതാൻ മറക്കരുതേ.